**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 17** **16-09-2025 - ൽ മറുപടിയ്ക്ക്**

**ദേശീയ ദുരന്തനിവാരണ നിയമത്തിലെ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗുരുതരസ്വഭാവമുള്ള പ്രകൃതിദുരന്തങ്ങളുമായി ബന്ധപ്പെട്ട് ദുരന്തബാധിതർക്ക് വായ്പാതിരിച്ചടവിൽ ഇളവുനൽകാനും ലളിത വ്യവസ്ഥകളോടെ പുതിയ വായ്പ അനുവദിക്കുന്നതിനും 2025-ലെ ദേശീയ ദുരന്തനിവാരണ നിയമത്തിലെ 13-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്ന് അറിയിയ്ക്കാമോ; | (എ) | ദുരന്ത ബാധിതരുടെ വായ്പ എഴുതിത്തള്ളാൻ സഹായകരമായിരുന്ന 2005ലെ ദുരന്ത നിവാരണ നിയമത്തിലെ 13-ാം വകുപ്പിലെ വ്യവസ്ഥ 2025 മാർച്ച് 29-ാം തീയതിയിലെ ഭേദഗതി പ്രകാരം ഒഴിവാക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പ് ഒഴിവാക്കി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഭേദഗതി സംസ്ഥാനത്തെ പ്രകൃതിദുരന്ത നിവാരണ പ്രവർത്തനത്തിന് ഇരട്ട പ്രഹരമേൽപ്പിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>പ്രതിസന്ധി നേരിടുകയും കനത്ത നഷ്ടങ്ങൾ സംഭവിച്ചതിന് ശേഷം ജീവിതം പുനർനിർമ്മിക്കേണ്ടി വരികയും ചെയ്യുന്ന ദുരന്തബാധിതർക്ക് വലിയ ആശ്വാസം നൽകിയിരുന്ന വ്യവസ്ഥയാണ് ഭേദഗതിയിലൂടെ ഒഴിവാക്കിയത്. പ്രകൃതിദുരന്തങ്ങളുടെ ഇരകളെ കൂടുതൽ ബുദ്ധിമുട്ടിലേക്ക് തള്ളിവിടുന്ന ഭേദഗതിയോടെ മുണ്ടക്കൈ-ചൂരൽമല, വിലങ്ങാട് ഉൾപ്പെടെ പ്രകൃതിദുരന്തങ്ങളിൽ സ്വത്തും ജീവനോപാധികളും നഷ്ടപ്പെട്ടുന്നവർക്ക് വായ്പാ തിരിച്ചടവിന് സാവകാശം നൽകാനും ഉദാരവ്യവസ്ഥയിൽ പുതിയ വായ്പകൾ ലഭ്യമാക്കാനും ശിപാർശ ചെയ്യുന്നതിന് ദേശീയ ദുരന്തനിവാരണ അതോറിറ്റിക്ക് ഉണ്ടായിരുന്ന അധികാരം ഇല്ലാതായിട്ടുണ്ട്. |
| (സി) | മുണ്ടക്കൈ, ചൂരൽമല ദുരന്തത്തെതുടർന്ന് സംസ്ഥാന സർക്കാർ എത്ര തവണ വിശദമായ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്; അത് ഏതെല്ലാം തീയതികളിലായിരുന്നു; വിശദാംശം അറിയിക്കാമോ; | (സി) | 2024 ജൂലൈ 30-ന് വയനാട് ജില്ലയിലെ മേപ്പാടി-ചൂരൽമലയിലുണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്ന് പ്രാഥമിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 17/08/2024ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് 2262 കോടി രൂപയുടെ മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി.<br><br>കൂടാതെ, മേപ്പാടി ഉരുൾപൊട്ടലിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതരെയും വീടുകളും |

| | | | |
|---|---|---|---|
| | | | ജീവനോപാധികളും നഷ്ടപ്പെട്ടവരെയും പുനരധിവസിപ്പിക്കാൻ Post-disaster Need Assessment നടത്തി 2221.10 കോടി രൂപ ആവശ്യമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.<br><br>പോസ്റ്റ്-ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ് റിപ്പോർട്ട് 13.11.2024-ന് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.<br><br>07/08/2025ൽ നടന്ന Sub- Committee of National Executive Committee ( SC- NEC) യോഗത്തിൽ PDNA report ചർച്ച ചെയ്യുകയും സംസ്ഥാന സർക്കാരിന് 260.65 കോടി രൂപയുടെ ധനസഹായം അനുവദിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിക്കുകയുമുണ്ടായി. |
| (ഡി) | നിവേദനം നൽകുന്ന സമയത്ത് ദുരന്ത നിവാരണ നിയമത്തിലെ വകുപ്പ് 13 - നിലവിലുണ്ടായിരുന്നോ; പ്രസ്തുത നിയമത്തിലെ 13-ാം വകുപ്പ് പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഉണ്ടായിരുന്നു.<br><br>2005 ദുരന്തനിവാരണ നിയമത്തിലെ സെക്ഷൻ 13 എത്രയും വേഗം പുനഃസ്ഥാപിക്കാൻ ആവശ്യപ്പെട്ട് മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയ്ക്ക് 12.06.2025 ന് കത്ത് അയച്ചിരുന്നു. എന്നാൽ നാളിതു വരെ അനുകൂല മറുപടി ഉണ്ടായിട്ടില്ല. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA
Pinarayi Vijayan
CHIEF MINISTER

D.O. No. 1402/2025/CM, Dated 12.06.2025

**Dear Shri. Modi ji,**

I am given to understand that the Union Government has omitted Section 13 of the National Disaster Management Act, 2005. The said provision reads as follows :

*"Relief in loan repayment, etc.—The National Authority may, in cases of disasters of severe magnitude, recommend relief in repayment of loans or for grant of fresh loans to the persons affected by disaster on such concessional terms as may be appropriate."*

The above section enables providing much needed financial relief to the victims of Disaster, who face unexpected crisis and will have to rebuild their lives after incurring heavy losses. The said provision in the Disaster Management Act, is included with a humanitarian intent and deleting the same amounts to putting the victims of natural disasters to added hardship.

I request the Hon'ble Prime Minister to intervene at the earliest and give directions to restore section 13 of the Disaster Management Act, 2005.

With regards,

Yours sincerely,

**Pinarayi Vijayan**

**Shri. Narendra Modi**
Hon'ble Prime Minister of India
152, South Block
Raisina Hill, New Delhi - 110 011.

141, 3rd Floor, North Block
Government Secretariat
Thiruvananthapuram Pin 695001

T 0471 2333241, 2333812, 2333610 F 0471 2333489
E chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
www.keralacm.gov.in

Residence
Cliff House
T 0471 2318406, 2314853